പനവൂർ ആറ്റിൻപുറം-പേരയം റോഡിന്റെ ശോച്യാവസ്ഥ

148 (2129) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പനവൂർ ആറ്റിൻപുറം-പേരയം റോഡിന്റെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റോഡ് റീ-ടാർ ചെയ്യുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ റോഡ് എന്നാണ് അവസാനമായി റീ-ടാർ ചെയ്തത് ;

(ഇ) ഈ റോഡ് റീ-ടാർ ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) ഈ റോഡ് അവസാനമായി റീ-ടാർ ചെയ്തത് 8 വർഷം മുമ്പാണ്. പ്രസ്തുത റോഡ് ഒ.ഡി.ആർ. കാറ്റഗറിയിൽപ്പെട്ടതായതിനാൽ ബന്ധപ്പെട്ട പഞ്ചായത്താണ് ഈ റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടത്.

വക്കം പണയിൽ കടവ് പാലം പണിയുടെ കരാർ

149 (2130) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വക്കം പണയിൽ കടവ് പാലം പണി ആരംഭിച്ചതെന്നാണ് ;

(ബി) കൺസ്ട്രക്ഷൻ കോർപ്പറേഷനുമായുള്ള കരാർ റദ്ദാക്കിയതെന്നാണ് ;

(സി) ഇപ്പോഴത്തെ കരാറുകാരന് വർക്ക് ഓർഡർ നൽകിയത് എന്നാണ് ;

(ഡി) ഇപ്പോഴത്തെ കരാറുകാരൻ പണയിൽ കടവ് പാലം പണി പുനരാരംഭിച്ചതെന്നാണ് എന്ന് വ്യക്തമാക്കുമോ ;

(ഇ) പാലം പണി എന്ന് പൂർത്തീകരിക്കാനാണ് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുള്ളത് ;

(എഫ്) നിശ്ചിത സമയപരിധിക്കകം പണി പൂർത്തിയാക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ജി) പണയിൽ കടവ് പാലത്തോടനുബന്ധിച്ച് ഫുട് ബ്രിഡ്ജ് നിർമ്മിക്കാൻ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(എച്ച്) എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് നിലയിലാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 22-2-1989-ൽ

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1997-ൽ സെപ്തംബറിൽ

(സി) 6-10-1999-ൽ

(ഡി) 16-10-1999-ൽ

(ഇ) 27-3-2001-ൽ

(എഫ്) ഇപ്പോഴത്തെ സാഹചര്യത്തിൽ നിശ്ചിത സമയപരിധിക്കകം പണി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

(ജി) പ്രസ്തുത പാലത്തിന്റെ കൂടെ നടപ്പാത നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ട്.

(എച്ച്) ഒറിജിനൽ ഡിസൈനിൽ നടപ്പാത പണിയുന്നതിനുള്ള പദ്ധതി ഇല്ലാതിരുന്നതിനാൽ ഇപ്പോഴുള്ള ഡിസൈൻ അനുസരിച്ച് നടപ്പാത പണിയുവാൻ നിർവ്വാഹമില്ല.

കായിക്കര കടവിൽ പാലം നിർമ്മിക്കുന്നതിന് സമർപ്പിച്ച നിവേദനം

150 (2131) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക്കര കടവിൽ പാലം നിർമ്മിക്കുന്നതിന് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) മഹാകവി കുമാരനാശാന്റെ ജന്മസ്ഥലമായ കായിക്കരയെ വക്കവുമായി ബന്ധിപ്പിക്കുന്നതിന് കായിക്കര കടവിൽ പാലം നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) ഈ പാലം പണി സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) പരിശോധിച്ചുവരുന്നു.

ഹൗസിംഗ് ബോർഡ് നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ ഭവന പദ്ധതി

151 (2132) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് ബോർഡ് നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ ഭവന പദ്ധതി എത്ര പഞ്ചായത്തുകളിൽ ഇതിനകം നടപ്പിലാക്കിക്കഴിഞ്ഞു. ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly